# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1384** **20.01.2014 ൽ മറുപടിക്ക്**

## നെല്ല് സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സപ്ലൈക്കോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ല് സംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 2013 - 14 ഒന്നാം സീസൺ മുതൽ നെല്ലു സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽ നിന്നും കർഷകർക്ക് ഓൺലൈൻ അപേക്ഷ അനുസരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ലഭ്യമാകുന്ന പ്രിന്റ് എടുത്ത് കൈയൊപ്പ് പതിച്ച് അനുബന്ധ രേഖകൾ സഹിതം കൃഷി ഭവനിൽ ഏൽപ്പിക്കണം. ഈ അപേക്ഷ കൃഷി ഭവൻ ഉദ്യോഗസ്ഥർ പരിശോധിച്ച് കൃഷിഭവൻ ഓഫീസർ സാക്ഷ്യപ്പെടു ത്തുകയും അപേക്ഷകൾ പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് കൈമാറുന്നതുമാണ്. പാഡി മാർക്കറ്റിംഗ് ഓഫീസർ അപേക്ഷയിൽ തുടർ നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ ഐഡന്റിറ്റി നമ്പർ നൽകുന്നതും അത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.<br>ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ തുടർന്ന് അറിയുന്നതിന് വെബ്സൈറ്റിലുള്ള 'പൊതുവിവരങ്ങൾ'' ക്ലിക്ക് ചെയ്താൽ മതിയാകും. |
| (സി) എത്ര നെൽകർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) 2013-14 സീസണിൽ നാളിതുവരെ 54040 കർഷകർ നെല്ല് സംഭരണ ത്തിനായി സപ്ലൈകോയുമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സീസണിൽ ഏകദേശം 38,863 കർഷകരിൽ നിന്നും നെല്ല് സംഭരിച്ചിട്ടുണ്ട്. ഒന്നേകാൽ ലക്ഷത്തിൽ പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | എത്ര ലക്ഷം ടൺ നെല്ലാണ് പദ്ധതി വഴി സംഭരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | 2013 - 14 രണ്ടാം സീസണിൽ ഏകദേശം 4 ലക്ഷത്തോളം മെ.ടൺ നെല്ല് സംഭരിക്കാനാണ് പുതുക്കിയ കണക്ക് അനുസരിച്ച് ലക്ഷ്യമിട്ടിരിക്കുന്നത്. നാളിതുവരെ 134958 മെ.ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ഇ) | സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | കർഷകർ പാഡി റസീറ്റ് ഷീറ്റ് സപ്ലൈകോയുടെ പേയ്മെന്റ് ആഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടത്തി നെല്ലിന്റെ വില കർഷകന്റെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തു വരുന്നത്. കൂടാതെ കഴിഞ്ഞ വർഷം മുതൽ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില സമയ ബന്ധിതമായി കർഷകർക്കു നൽകുവാനായി സപ്ലൈകോയും പൊതുമേഖല ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അത് പ്രകാരം കർഷകർ ഹാജരാക്കുന്ന Paddy Receipt Sheet സ്വീകരിച്ച് ടി ബാങ്കുകൾ, നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് 3 ദിവസത്തിനകം മാറ്റുകയും ചെയ്തു വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. ഇത്തരത്തിലുള്ള നടപടികളിലൂടെ കർഷകർക്ക് ഏറ്റവും പെട്ടെന്ന് പണം ലഭിച്ചു വരുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

N